ഉത്തരം

(എ) ഉണ്ട്.

(ബി) 10-2-79-ൽ ഇസ്സാക്ക് എന്ന ഹരിജനെ ഉപദ്രവിച്ചതായും 3-3-1979-ൽ കുഞ്ഞേലിബേബി എന്നയാളുടെ വീട് തീവെച്ചതായും 4-3-1979-ൽവിജയൻപാലൻ എന്നയാളെ ഉപദ്രവിച്ചതായും പരാതിലഭിച്ചു.

(സി) 10-2-1979-ലെ പരാതിയുടെ അടിസ്ഥാനത്തിൽ കടക്കാവൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു അന്വേഷിച്ച് പ്രതികളെ അറസ്റ്റുചെയ്യുകയും കേസ് ചാർജ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 3-3-1979-ലും 4-3-1979-ലും കിട്ടിയപരാതികളുടെ അടിസ്ഥാനത്തിൽ ഓരോ കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടന്നുവരുന്നു.

(ഡി) ആവശ്യമായനടപടികളും ഇതിനകം സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

സിറ്റി പോലീസ് കമ്മിഷണറുടെ കാർ

1118 [1786] ശ്രീ. പി. ബാലൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണർ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഫോറിൻ കാറിന് പ്രതിദിനം പെട്രോളും ഇനത്തിൽ എത്രരൂപ ചിലവഴിക്കേണ്ടിവരുന്നു എന്നു വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഐ. ജി. പോലും അമ്പാസിഡർ കാർ ഉപയോഗിക്കുമ്പോൾ സിറ്റികമ്മിഷണർ മാത്രം ഇത്ര ചെലവുകൂടിയ വാഹനം ഉപയോഗിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കമ്മിഷണർക്കു ഇപ്പോഴത്തെകാറിനുപകരം അംബാസിഡർകാർ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 7 രൂപ, 14 പൈസ ചെലവാകും.

(ബി) പ്രധാനമായും വി. ഐ. പി. ഡ്യൂട്ടിക്ക് ഉപയോഗിക്കാൻ വേണ്ടിയാണ് ഫോറിൻ കാറുകൾ വാങ്ങിയിട്ടുള്ളത്. ഉപയോഗിക്കാതെ കിടന്നാൽ വണ്ടിക്ക് തകരാറുകൾ ഉണ്ടാകുന്നതിന് സാധ്യതയുള്ളതുകൊണ്ടാണ് അപൂർവ്വമായി ഈ കാർ ഉപയോഗിക്കുവാൻ സിറ്റി പോലീസ് കമ്മിഷണറെ അനുവദിച്ചിട്ടുള്ളത്.

(സി) സാധാരണ ആവശ്യങ്ങൾക്ക് പോലീസ് കമ്മിഷണർ അംബാസിഡർകാർ തന്നെയാണ് ഉപയോഗിക്കുന്നത്.

പോലീസ് ഡിപ്പാർട്ടുമെന്റിന്റെ ഫോറിൻകാറുകൾ

1119 [1787] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനപോലീസ് ഡിപ്പാർട്ടുമെന്റിന് ഇപ്പോൾ എത്ര ഫോറിൻകാറുകൾ ഉണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഇതിൽ ഡീസലടെസ് കയ്തവ എത്ര; അല്ലാത്തവ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഡീസലൈസ് ചെയ്യാത്തകാറുകൾക്ക് പ്രതിദിനം എത്രരൂപയുടെ പെട്രോൾ വേണ്ടിവരുമെന്നു വ്യക്തമാക്കാമോ;

(ഡി) ഈ ഫോറിൻകാറുകൾ ആരൊക്കെയാണ് ഉപയോഗിക്കുന്നതെന്നുവ്യക്തമാക്കാമോ;

(ഇ) ഈ ഫോറിൻകാറുകൾ ടൂറിസ്റ്റ് ഡിപ്പാർട്ടുമെന്റിനു കൈമാറാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അഞ്ച് (5)

(ബി) അഞ്ചും ഡീസലൈസ് ചെയ്യാത്തവയാണ്.

(സി) എല്ലാ കാറുകൾക്കുംകൂടി പ്രതിദിനം 30 രൂപയുടെപെട്രോൾ ചെലവാകുന്നുണ്ട്.

(ഡി) വി. ഐ. പി. ഡ്യൂട്ടികൾക്കായിട്ടാണ് ഈ കാറുകൾ ഉപയോഗിക്കുന്നത്. തിരുവനന്തപുരത്തെയും എറണാകുളത്തെയും പോലീസ് കമ്മിഷണർമാരും പോലീസ് ഐ. ജി. ആഫീസിലും ഈ കാറുകൾ ഉപയോഗിക്കാറുണ്ട്.

(ഇ) വി. ഐ. പി. സെക്യൂരിറ്റി ഡ്യൂട്ടികൾക്കു ഉപയോഗിക്കുന്ന ഈ കാറുകൾ ടൂറിസ്റ്റ് വകുപ്പിനു കൈമാറുവാൻ സാദ്ധ്യമല്ല.

ഹരിജനമർദ്ദനം

1120 [1770] ശ്രീ. പി. കെ. ചാത്തൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആറാറിങ്ങൽ സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട കരവാരം പഞ്ചായത്തിൽ 4-ാം വാർഡിൽ കൊച്ചുപ്പി എന്ന ഹരിജന്റെ വീട്ടിൽകയറി അക്രമം നടത്തുകയും വെട്ടിമുറിവേൽപ്പിക്കുകയും മർദ്ദിച്ചവശനാക്കുകയും ചെയ്തതായ ഒരു പരാതി കിട്ടുകയുണ്ടായിട്ടുണ്ടോ;

(ബി) കൊച്ചുപ്പിയുടെ മകനെ മുറിവേറ്റനിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയുണ്ടായോ; എത്ര പേർക്കു മർദ്ദനമേറ്റു;

(സി) ഈ അക്രമപ്രവൃത്തി സംഘടിപ്പിച്ചത് ആരൊക്കെയെന്നെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ആഭ്യന്തരകാര്യത്തിൽ പോലീസ് എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായോ? ആരുടെയെങ്കിലും പേരിൽ നടപടി എടുത്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സുശീല ഉൾപ്പെടെ 5 പേർക്ക് മർദ്ദനം ഏറ്റിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly